**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **12-01-2021 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ 31 വരെ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (എ) | 1,51,513 (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന് ) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് 2011-16 കാലയളവിൽ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (ബി) | 1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തി ആറ്) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) 30.06.2016 ന് നിലവിലുള്ളതും 30.12.2016 ന് കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 31.12.2016 വരെ ദീർഘിപ്പിച്ചിരുന്നു. 2) 31.12.2016 ന് സ്വാഭാവിക കാലാവധി പൂർത്തിയാക്കി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളെ 30.06.2017 വരെ സജീവമാക്കി നിർത്തിയിരുന്നു. പ്രസ്തുത കാലാവധി ദീർഘിപ്പിക്കൽ 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകൾക്കും ബാധകമാക്കിയിരുന്നു. (ടി ദീർഘിപ്പിക്കൽ മുൻഖണ്ഡികയിൽ ദീർഘിപ്പിക്കൽ ആനുകൂല്യം ലഭിച്ച റാങ്ക് ലിസ്റ്റുകൾക്ക് ബാധകമല്ല.) 3) 20.03.2020 ന് സ്വാഭാവികമായി കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളെ 19.06.2020 വരെ സജീവമാക്കുകയും ടി ദീർഘിപ്പിക്കൽ 20.03.2020 മുതൽ 18.06.2020 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റികൾക്കും ബാധകമാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ